REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 10-10-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പ്രധാൻമന്ത്രി ധൻ-ധാന്യ യോജനയും, പയർ വർഗ മിഷനും പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.
- കേരളത്തിന്റെ വികസനാവശ്യങ്ങളുന്നയിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന്, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തും.
- പോഷൺ അഭിയാന്റെ ഭാഗമായി പോഷൺ മാ സംസ്ഥാനതല പരിപാടി രാവിലെ കോഴിക്കോട്ട് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.
- ഇന്ന് ലോക മാനസികാരോഗ്യ ദിനം.
- ഇന്ത്യ- വെസ്റ്റിൻഡീസ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ രണ്ടാമത്തെയും, അവസാനത്തെയും മത്സരം രാവിലെ ന്യൂഡൽഹിയിൽ.

## വാർത്തകൾ വിശദമായി

**രാജ്യത്തെ സ്വയം പര്യാപ്തമാക്കുന്ന സംരംഭങ്ങളായ പ്രധാൻമന്ത്രി ധൻ-ധാന്യ യോജനയും, പയർ വർഗ മിഷനും പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഡൽഹി പുസ ക്യാമ്പസ്സിൽ ഉദ്ഘാടനം ചെയ്യുമെന്ന് കൃഷിമന്ത്രി ശിവരാജ്സിങ് ചൗഹാൻ പറഞ്ഞു. ഉൽപ്പാദനം കുറഞ്ഞ നൂറ് ജില്ലകളെ കണ്ടെത്തി, ഉൽപ്പാദന ക്ഷമത വർധിപ്പിക്കാൻ ലക്ഷ്യമിട്ടാണ് പദ്ധതികൾ നടപ്പാക്കുന്നതെന്ന് ദൂരദർശൻ അഭിമുഖത്തിൽ ചൗഹാൻ അറിയിച്ചു.**

ഡെസ്ക്ക് റിപ്പോർട്ട്

...(വോയ്സ്)....

ജലസേചന സൗകര്യവും, വായ്പാ ലഭ്യതയും മെച്ചപ്പെടുത്തി ഈ ജില്ലകളിൽ കാർഷിക മേഖല ശക്തിപ്പെടുത്തും. കുറഞ്ഞ ഉൽപ്പാദനക്ഷമതയിൽ നിന്ന് ദേശീയ ശരാശരിയിലേക്ക് ഉത്പാദനം ഉയർത്തിയാൽ രാജ്യത്തിന്റെ മൊത്തം ഉൽപ്പാദനതോത് ഉയരുമെന്നും കർഷകരുടെ വരുമാനം വർധിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഇന്ത്യയാണ് ഏറ്റവും കൂടുതൽ പയർ വർഗ്ഗങ്ങൾ ഉൽപ്പാദിപ്പിക്കുകയും, ഉപയോഗിക്കുകയും ചെയ്യുന്ന രാജ്യം. ഇറക്കുമതിയിലും ഇന്ത്യയാണ് മുന്നിൽ. ഈ സാഹചര്യത്തിലാണ് ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ സ്വാശ്രയത്വ ദൗത്യം ആരംഭിക്കുന്നതെന്ന് ശിവരാജ്സിങ് ചൗഹാൻ അറിയിച്ചു.

✪✪✪

കേന്ദ്ര പദ്ധതിയായ “സ്വച്ഛതാ ഹി സേവാ” കാമ്പയിനിന്റെ കീഴിൽ 1,500 ലധികം പൊതുഇടങ്ങൾ വൃത്തിയാക്കിയതായി വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. ഈ പരിപാടികളിൽ 59,000 ത്തിലധികം പേർ പങ്കെടുത്തു. ഈ മാസം 2 ന് അവസാനിച്ച “സ്വച്ഛതാ ഹി സേവാ” കാമ്പയിനിൽ “സ്വച്ഛ് ഭാരത് ദിവസ്” എന്ന പേരിൽ പ്രത്യേക പരിപാടികളും സംഘടിപ്പിച്ചു.

✪✪✪

രാജ്യത്താകെ ഒരു ലക്ഷത്തി 70,000 ലേറെ ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ സ്ഥാപിച്ച് അവശ്യ ആരോഗ്യ സൗകര്യങ്ങൾ നൽകുന്നുണ്ടെന്ന് കേന്ദ്ര മന്ത്രി JP നദ്ദ അറിയിച്ചു. ന്യൂഡൽഹിയിൽ, വാർഷിക ആരോഗ്യ സംരക്ഷണ സമ്മേളനമായ “ഫിക്കി ഹീൽ 2025”-നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

......(വോയ്സ്)...

GDP യുടെ 2.5 ശതമാനം ബജറ്റ് ആരോഗ്യ മേഖലയ്ക്കായി നീക്കിവച്ചിട്ടുണ്ടെന്നും അതിൽ 1.8 ശതമാനം നിലവിൽ ചെലവഴിക്കുന്നുണ്ടെന്നും നദ്ദ പറഞ്ഞു, പറഞ്ഞു.

പ്രത്യുൽപാദനആരോഗ്യത്തിനും, കുട്ടികളുടെ സംരക്ഷണത്തിനും ഗവണ്മെന്റ് പ്രത്യേകപരിഗണന നൽകുന്നതിനാൽ നവജാതശിശു മരണനിരക്ക് 65 ശതമാനം കുറഞ്ഞുവെന്നും, ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, ഇന്ത്യയിൽ ക്ഷയരോഗ ബാധിതരുടെ എണ്ണം ഏകദേശം 18 ശതമാനം കുറഞ്ഞുവെന്നും JP നദ്ദ പറഞ്ഞു.

✪✪✪

കേരളത്തിന്റെ വികസനാവശ്യങ്ങളുന്നയിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തും. ഇന്നലെ കേന്ദ്രമന്ത്രിമാരായ അമിത്ഷാ, നിർമ്മലാ സീതാരാമൻ, നിതിൻ ഗഡ്കരി, JP നദ്ദ തുടങ്ങിയവരുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. മന്ത്രിമാരായ KN ബാലഗോപാൽ, PA മുഹമ്മദ് റിയാസ് എന്നിവരും മുഖ്യമന്ത്രിക്കൊപ്പമുണ്ട്.

ദേശീയപാത 66 ന്റെ പൂർത്തീകരിച്ച റീച്ചുകൾ ജനുവരിയിൽ തുറന്നുകൊടുക്കുമെന്ന് നിതിൻ ഗഡ്കരിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു ശേഷം മുഖ്യമന്ത്രിയും സംഘവും അറിയിച്ചു. 450 കിലോമീറ്റർ നിർമ്മാണം പൂർത്തിയായതായി കൂടിക്കാഴ്ചയിൽ വിലയിരുത്തി. ശേഷിക്കുന്ന നിർമ്മാണപ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടിയെടുക്കുമെന്നും, ജനുവരിയിലെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുമെന്നും നിതിൻ ഗഡ്കരി അറിയിച്ചതായി മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു.

✪✪✪

കേന്ദ്രഗവൺമെന്റിന്റെ പോഷൺ അഭിയാന്റെ ഭാഗമായി പോഷൺ മാ സംസ്ഥാനതല പരിപാടി രാവിലെ കോഴിക്കോട്ട് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. പുതിയറ SK പൊറ്റെക്കാട് ഹാളിലാണ് ചടങ്ങ്. പോഷക വിഭവങ്ങളുടെ പ്രദർശനം, ആയുഷ് വകുപ്പിന്റെ ആരോഗ്യ പരിശോധന, സെമിനാർ, യോഗ തുടങ്ങിയ പരിപാടികൾ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. വനിതകൾ, കൗമാരക്കാർ, ശിശുക്കൾ എന്നിവരിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സെപ്തംബർ 17 മുതൽ ഒക്ടോബർ 16 വരെയാണ് പോഷൺ മാ ആചരിക്കുന്നത്.

കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ വികസന അവലോകന യോഗത്തിലും കേന്ദ്ര സഹമന്ത്രി സംബന്ധിക്കും.

✪✪✪

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് പാലക്കാട്ട് കലുങ്ക് സൗഹൃദ ചർച്ചയടക്കം പരിപാടികളിൽ പങ്കെടുക്കും. രാവിലെ കലുങ്ക് ചർച്ചയ്ക്കുശേഷം പാലക്കാട് നഗര സഭയുടെ വികസന പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. കൽപ്പാത്തിയിൽ ബൊമ്മക്കൊലു മത്സര വിജയികൾക്ക് സമ്മാനങ്ങളും കേന്ദ്ര സഹമന്ത്രി വിതരണം ചെയ്യും.

ഇന്നലെ ചെത്തല്ലൂർ, പറളി എന്നിവിടങ്ങളിൽ കലുങ്ക് സൗഹൃദ ചർച്ചക്ക് സുരേഷ് ഗോപി നേതൃത്വം നൽകി .

✪✪✪

ശബരിമലയിൽ സ്വർണ്ണപ്പാളി കാണാതായെന്ന വിഷയത്തിൽ അന്വേഷണം നടത്തുന്ന ദേവസ്വം വിജിലൻസ് സംഘം ഹൈക്കോടതിയിൽ ഇന്ന് അന്തിമ റിപ്പോർട്ട് നൽകിയേക്കും. റിപ്പോർട്ടിന്റെ കോപ്പി ദേവസ്വംബോർഡിനും, സംസ്ഥാന ഗവൺമെന്റിനും കൈമാറുമെന്ന് പ്രസിഡണ്ട് PS പ്രശാന്ത് അറിയിച്ചു. കോടതി റിപ്പോർട്ട് പരിശോധിച്ചതിനു ശേഷം ADGP H വെങ്കിടേഷിന്റെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറും.

✪✪✪

താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ ഡോ. വിപിന് നേരെയുണ്ടായ ആക്രമണത്തിൽ ശക്തമായ നിയമനടപടി ഉറപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. ചികിത്സയിൽ കഴിയുന്ന ഡോക്ടറുമായി മന്ത്രി ഫോണിൽ സംസാരിച്ചു. ആരോഗ്യ പ്രവർത്തകർക്ക് നേരെയുണ്ടാവുന്ന ആക്രമണങ്ങളെ ഒരുതരത്തിലും ന്യായീകരിക്കാനാവില്ലെന്ന് മന്ത്രി വ്യക്തമാക്കി.

ഗവൺമെന്റ് ആശുപത്രികൾക്കും, ആരോഗ്യ പ്രവർത്തകർക്കും എതിരെ തെറ്റായ പ്രചാരണം നടത്തി ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ ചില കേന്ദ്രങ്ങളിൽ നിന്ന് ബോധപൂർവമായ ശ്രമങ്ങൾ ഉണ്ടാവുന്നതായി മന്ത്രി പറഞ്ഞു.

✪✪✪

ഇന്ന് ലോക മാനസികാരോഗ്യ ദിനം. ലോകാരോഗ്യ സംഘടനയുടെ ആഹ്വാനപ്രകാരം എല്ലാ വർഷവും ഒക്ടോബർ പത്തിനാണ് ഈ ദിനം ആചരിക്കുന്നത്. മാനസികാരോഗ്യം നേരിടുന്ന വെല്ലുവിളികളും, പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കുകയാണ്

ദിനാചരണത്തിന്റെ ലക്ഷ്യം. ലോകത്തെ നാലു പേരിൽ ഒരാൾ ജീവിതത്തിൽ പല അവസരങ്ങളിലും മാനസിക അസ്വസ്ഥത നേരിടുന്നു എന്നാണ് കണ്ടെത്തൽ. അവരെ മനസ്സിലാക്കാനും, ഒപ്പം നിന്ന് ചികിത്സയ്ക്കും, സുഖപ്രാപ്തിക്കും വഴിയൊരുക്കാനും തയ്യാറാകണമെന്ന ആഹ്വാനമാണ് ദിനാചരണം നൽകുന്നത്.

ദിനാചരണത്തിന്റെ ഭാഗമായി കോഴിക്കോട് ഗവ. മാനസികാരോഗ്യ കേന്ദ്രം, ഇംഹാൻസ്-ടെലിമനസ്, ജില്ലാ മെഡിക്കൽ ഓഫീസ്, ജില്ലാ മാനസികാരോഗ്യ പരിപാടി എന്നിവ സംയുക്തമായി നിരവധി പരിപാടികൾ സംഘടിപ്പിക്കും.

രാവിലെ ബീച്ചിൽ വാക്കത്തൺ, മാനസികാരോഗ്യ കേന്ദ്രം ജീവനക്കാരുടെ തെരുവുനാടകം, നഴ്സിങ് വിദ്യാർഥികളുടെ മൈം, ഫ്ളാഷ് മോബ് എന്നിവ നടത്തും.

✪✪✪

കണ്ണൂർ തളിപ്പറമ്പ് ടൗണിൽ ഇന്നലെ വൈകിയിട്ടുണ്ടായ അഗ്നിബാധ പുലർച്ചയോടെ പൂർണമായി അണച്ചു. അൻപതോളം കടകളാണ് കത്തി നശിച്ചത്.

കണ്ണൂരിൽ നിന്ന് K. O ശശിധരൻ.

...........(വോയ്സ് )........

✪✪✪

ഇന്ത്യ- വെസ്റ്റിൻഡീസ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ രണ്ടാമത്തെയും, അവസാനത്തെയും മത്സരം ഇന്ന് ന്യൂഡൽഹിയിൽ തുടങ്ങും. രാവിലെ ഒൻപതരയ്ക്കാണ് മത്സരം. ആദ്യടെസ്റ്റിൽ അനായാസ വിജയം നേടിയ ഇന്ത്യ ഒന്ന്- പൂജ്യത്തിന് മുന്നിലാണ്.

✪✪✪

ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് ആദ്യ പരാജയം. വിശാഖപട്ടണത്ത് ഇന്നലെ ദക്ഷിണാഫ്രിക്കയോട് മൂന്ന് വിക്കറ്റിനാണ് പരാജയപ്പെട്ടത്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 49.5 ഓവറിൽ 251 റൺസിന് പുറത്തായി. ദക്ഷിണാഫ്രിക്ക 48.5 ഓവറിൽ മൂന്ന് വിക്കറ്റിന് ലക്ഷ്യം മറികടന്നു.

✪✪✪

ഏഷ്യൻകപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിൽ ഇന്ത്യ ആതിഥേയരായ സിംഗപ്പൂരിനെ 1-1 എന്ന സ്കോറിന് സമനിലയിൽ തളച്ചു. ടൂർണമെന്റിലെ മൂന്ന് കളിയിൽ നിന്ന് രണ്ട് പോയിന്റാണ് ഇന്ത്യ നേടിയത്.

✪✪✪

കണ്ണൂർ കോർപറേഷൻ ഓഫീസിന് വേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി പുരോഗതി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് വിലയിരുത്തി. 38 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന കെട്ടിടം ഡിസംബർ 31 നകം പൂർത്തിയാക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാനത്തെ പല സ്കൂളുകളിലും പോഷ് ആക്ട് പ്രകാരം ആഭ്യന്തര കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ P സതീദേവി അറിയിച്ചു. ഇത് ഗുരുതരമായ വീഴ്ചയാണെന്നും, കമ്മിറ്റികൾ കാലതാമസമില്ലാതെ രൂപീകരിക്കണമെന്നും അവർ ആവശ്യപ്പെട്ടു. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപകരിൽ നിന്ന് ഒട്ടേറെ പരാതികൾ കമ്മീഷന് ലഭിക്കുന്നുണ്ടെന്ന് തിരുവനന്തപുരത്ത് ജവഹർ ബാലഭവനിലെ സിറ്റിംഗിന് ശേഷം സതീദേവി പറഞ്ഞു.

✪✪✪

എല്ലാ നിയമങ്ങളും കാലാനുസൃതമായ മാറ്റത്തിന് വിധേയമാണെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. തിരുവനന്തപുരം വനംവകുപ്പ് ആസ്ഥാനത്ത് വന്യജീവി വാരാഘോഷ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വന നിയമങ്ങളിൽ കേന്ദ്ര നിയമങ്ങളുടെ അന്തസത്ത ഒട്ടും ചോർന്നു പോകാതെ ഗവൺമെന്റ് വരുത്തിയ മാറ്റങ്ങൾ ജനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. സംഘർഷ ലഘൂകരണം എന്നതിന് പകരം മനുഷ്യ - വന്യജീവി സഹവർത്തിത്വം എന്ന തരത്തിലേക്ക് മാറുന്ന ചിന്തകൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മന്ത്രി പറഞ്ഞു.

വന്യജീവിവാരാഘോഷത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് മന്ത്രി സമ്മാനങ്ങൾ വിതരണം ചെയ്തു.

✪✪✪

**സംസ്ഥാനത്ത്  വരുംദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക്  സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് മലപ്പുറം, കോഴിക്കോട്,  വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.**

✪✪✪

**കോഴിക്കോട് ചേവരമ്പലത്ത് ഡോക്ടറുടെ വീട്ടിൽ നിന്ന് 45 പവനോളം സ്വർണം മോഷ്ടിച്ച പ്രതിയെ പ്രത്യേക അന്വേഷണ സംഘം പിടികൂടി. പശ്ചിമബംഗാൾ സ്വദേശി തപസ് കുമാർ സാഹയാണ് പിടിയിലായത്. കഴിഞ്ഞ മാസം 11-ന് വീടിന്റെ മുൻവാതിൽ തകർത്ത് അലമാരയിലും, മേശയിലും സൂക്ഷിച്ചിരുന്ന സ്വർണാഭരണങ്ങളും, 10,000 രൂപയും ഇയാൾ മോഷ്ടിച്ചിരുന്നു. CC TV യിൽ നിന്നാണ് പ്രതിയുടെ ദൃശ്യങ്ങൾ ലഭിച്ചത്. അന്വേഷണസംഘം ബംഗാളിലെ റാൺഘട്ട് പൊലീസിന്റെ സഹായത്തോടെയാണ് പ്രതിയെ പിടികൂടിയത്.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സബിത കെ*
*DEO: ഷീബ*